മാതൃഭൂമി

13 July 2019

**രാജ്യത്തെ മത്സ്യോത്പാദനവും കുറഞ്ഞു**

# മത്തിയുടെ ലഭ്യതയിൽ വൻ കുറവ്

**കൊച്ചി ▸** മത്തിയുടെ ലഭ്യതയിൽ വീണ്ടും വൻ കുറവ്. കഴിഞ്ഞ വർഷം ഇന്ത്യയിലാകെ 54 ശതമാനം കുറവാണ് മത്തിയിലുണ്ടായത്. കേരളത്തിൽ ഇത് 39 ശതമാനമാണ്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) വാർഷിക പഠന റിപ്പോർട്ടിലാണ് മത്തിയുടെ പുതിയ കണക്കുകളുള്ളത്.

രാജ്യത്തെ ആകെ മത്സ്യോത്പാദനത്തിലും കുറവ് വന്നതായി സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. 2018-ൽ രാജ്യത്തെ ആകെ മത്സ്യോത്പാദനം 34.9 ലക്ഷം ടൺ ആണ്. മുൻ വർഷത്തെക്കാൾ ഒൻപത് ശതമാനം കുറവാണിത്.

രാജ്യത്തെ സമുദ്ര മത്സ്യോത്പാദനത്തിൽ കേരളം കഴിഞ്ഞ വർഷത്തെ പോലെ തന്നെ മൂന്നാമതാണ്. ഗുജറാത്താണ് ഒന്നാം സ്ഥാനത്ത്. തമിഴ്നാടിനാണ് രണ്ടാം സ്ഥാനം. ഏറ്റവും കൂടുതൽ മത്സ്യം ലഭിച്ചത് എറണാകുളത്തെ മുനമ്പം തുറമുഖത്താണ്.

കഴിഞ്ഞ വർഷം രാജ്യത്തെ ലാൻഡിങ് സെന്ററുകളിൽ വിറ്റഴിക്കപ്പെട്ടത് 52,632 കോടി രൂപയുടെ മത്സ്യമാണ്. മുൻ വർഷത്തെക്കാൾ 0.4 ശതമാനമാണ് വർധന. ചില്ലറ വ്യാപാര കേന്ദ്രങ്ങളിൽ 80,320 കോടി രൂപയും മീൻ വിൽപ്പനയും നടന്നു.

ലാൻഡിങ് സെന്ററുകളിൽ ഒരു കിലോ മീനിന് ശരാശരി 152 രൂപ ലഭിച്ചു. വിലയിൽ 11.1 ശതമാനം വർധനയുണ്ടായി. ചില്ലറ വ്യാപാരത്തിൽ ശരാശരി വില 232 രൂപയായിരുന്നു. 13.4 ശതമാനമാണ് ഇതിലുണ്ടായ വർധന.

പത്രസമ്മേളനത്തിൽ ഭാരതീയ കാർഷിക ഗവേഷണ കേന്ദ്രം (ഐ.സി.എ.ആർ.) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. പി. പ്രവീൺ, സി.എം.എഫ്.ആർ.ഐ.യിലെ വിവിധ വകുപ്പ് മേധാവികളായ ഡോ. ടി.വി. സത്യാനന്ദൻ, ഡോ. സുനിൽ മുഹമ്മദ്, ഡോ. ജി. മഹേശ്വരുഡു, ഡോ. പി.യു. സക്കറിയ, ഡോ. പ്രതിഭ രോഹിത്, ഡോ. സി. രാമചന്ദ്രൻ എന്നിവർ പങ്കെടുത്തു.

### കേരളത്തിൽ കിട്ടിയത് 77,093 ടൺ മത്തി

ലഭ്യതയിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന മത്തി ഇപ്പോൾ രാജ്യത്ത് ഒൻപതാം സ്ഥാനത്താണ്. കേരളത്തിൽ കഴിഞ്ഞ വർഷം ആകെ 77,093 ടൺ മത്തിയാണ് ലഭിച്ചത്. 2017-ൽ ലഭിച്ചതിനെക്കാൾ ഏകദേശം 50,000 ടണ്ണിന്റെ കുറവാണുണ്ടായത്. എന്നാൽ, മറ്റ് മീനുകൾ കൂടിയതിനാൽ കടലിൽ നിന്നുള്ള സംസ്ഥാനത്തെ ആകെ മത്സ്യ ലഭ്യതയിൽ 10 ശതമാനം വർധനയുണ്ടായി. 2018-ൽ 6.42 ലക്ഷം ടൺ മത്സ്യമാണ് സംസ്ഥാനത്ത് പിടിച്ചത്. മുൻ വർഷം ഇത് 5.85 ലക്ഷം ടൺ ആയിരുന്നു.

# അയല ഒന്നാം നമ്പർ

**കൊച്ചി ▸** മീനുകളിൽ ഇപ്പോൾ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നത് അയലയാണ്. രാജ്യത്താകെ അയലയുടെ എണ്ണത്തിൽ വർധനയുണ്ടായതായി സി.എം.എഫ്.ആർ.ഐ.യുടെ പഠനത്തിൽ വ്യക്തമാക്കുന്നു. 2.84 ലക്ഷം ടൺ അയലയാണ് കണ്ടെത്തിയത്. സംസ്ഥാനത്ത് ഇത് 80,568 ടൺ ആണ്. അയലയ്ക്കു പുറമെ കൊഴുവ, കിളിമീൻ, ചെമ്മീൻ, കൂന്തൽ-കണവ എന്നിവയും കേരളത്തിൽ കൂടി.

കൂന്തൽ, കണവ വിഭാഗങ്ങൾ 2.21 ലക്ഷം ടണ്ണും ജൗള, കർത്തി ഇനത്തിൽപ്പെട്ട ചെമ്മീൻ 1.94 ലക്ഷം ടണ്ണും പാമ്പാട 1.94 ലക്ഷം ടണ്ണും കരിക്കാടി, പൂവാലൻ, നാരൻ, കാര തുടങ്ങിയ ചെമ്മീൻ ഇനങ്ങൾ 1.84 ലക്ഷം ടണ്ണും രാജ്യത്ത് ആകെ കണ്ടെത്തി. കേരളത്തിൽ കൊഴുവ 58,766 ടണ്ണും കിളിമീൻ 53,549 ടണ്ണും കരിക്കാടി, പൂവാലൻ, നാരൻ, കാര ചെമ്മീനുകൾ 50,472 ടണ്ണും കൂന്തൽ, കണവ വിഭാഗങ്ങൾ 50,180 ടണ്ണും കണ്ടെത്തിയിട്ടുണ്ട്.

**മീൻ കണക്ക് വിവിധ ജില്ലകളിൽ ഇങ്ങനെ:- (ടൺ കണക്കിൽ)**

| | | |
|---|---|---|
| എറണാകുളം | - | 1,61,082 ടൺ |
| കൊല്ലം | - | 1,38,475 |
| കോഴിക്കോട് | - | 97,508 |
| മലപ്പുറം | - | 74,400 |
| തൃശ്ശൂർ | - | 61,158 |
| തിരുവനന്തപുരം | - | 57,030 |
| ആലപ്പുഴ | - | 31,036 |
| കാസർകോട് | - | 12,573 |
| കണ്ണൂർ | - | 9318 |

### കിട്ടിയത് 6.42 ലക്ഷം ടൺ മീൻ

കഴിഞ്ഞ വർഷം സംസ്ഥാനത്താകെ പിടിച്ചത് 6.42 ലക്ഷം ടൺ മീനാണ്. മത്തിയുടെ എണ്ണത്തിൽ കുറവുണ്ടായെങ്കിലും മറ്റ് മീനുകളുടെ എണ്ണം കൂടിയതിനാൽ കേരളത്തിന്റെ മത്സ്യ ലഭ്യതയിൽ 10 ശതമാനം വർധനയാണുണ്ടായത്. 2017-ൽ കേരളത്തിൽ ലഭിച്ചത് 5.85 ലക്ഷം ടൺ മീനാണ്.

**ഹാർബറുകളിൽ**

സംസ്ഥാനത്തെ പ്രധാന ഹാർബറുകളിലെത്തിയ മീനുകളുടെ കണക്ക് ഇങ്ങനെയാണ് (ടൺ കണക്കിൽ)

| |
|---|
| മുനമ്പം-86,710 |
| നീണ്ടകര-57,939 |
| ശക്തികുളങ്ങര-39,939 |
| ബേപ്പൂർ-39,859 |
| വൈപ്പിൻ-34,023 |
| കൊച്ചിൻ ഫിഷറീസ് ഹാർബർ-30,368 |
| പുതിയാപ്പ-29,471 |

### ക്ലാത്തി കൂടി; കാരണം പഠിക്കും

ക്ലാത്തി മത്സ്യത്തിന്റെ എണ്ണത്തിൽ കടലിൽ അസാധാരണമായ തരത്തിൽ വർധന കണ്ടെത്തിയതായി ഡോ. എ. ഗോപാലകൃഷ്ണൻ ചൂണ്ടിക്കാട്ടി. റെഡ് ടൂത്ത്ഡ് ട്രിഗർഫിഷ് (Odonus niger) എന്ന ക്ലാത്തി മത്സ്യം കൂടാനിടയായ കാരണം വ്യക്തമല്ല. ഇതിനെക്കുറിച്ച് പഠിക്കുമെന്നും അദ്ദേഹം പറഞ്ഞു.

### എൽ നിനോയും ചൂടും

മീനുകൾ കുറയുന്നതിന്റെ കാരണങ്ങളിൽ എൽ നിനോയും ചൂടുമെല്ലാമുണ്ട്. എൽ നിനോയുടെ തീവ്രത കൂടുന്നതിനനുസരിച്ച് മത്തി കുറയും. സമുദ്രോപരിതലത്തിൽ ചൂട് കൂടുന്നത് മത്തിയുടെ പ്രത്യുത്പാദനത്തെ ബാധിക്കും.

ചൂട് വർധിക്കുമ്പോൾ മത്സ്യങ്ങൾ കൂടുതൽ ആഴത്തിലേക്ക് നീങ്ങും. ചൂടു കുറഞ്ഞ സ്ഥലങ്ങളിലേക്കുള്ള പലായനവുമുണ്ടാകും.

മഹാരാഷ്ട്ര പോലുള്ള വടക്കൻ സംസ്ഥാനങ്ങളിൽ ഇപ്പോൾ മത്തി കൂടുതലായി കാണുന്നതായും പഠനങ്ങളിലുണ്ട്.